## ലൈംഗികമോ, വ്യക്തിപരമോ ആയ ആക്രമണത്തിന് ഇരയായവർക്ക് വേണ്ടിയുള്ള ഇമിഗ്രേഷനും, വിസ വിവരവും

തങ്ങളുടെ കുടിയേറ്റത്തേക്കുറിച്ചും, വിസയുടെ നിലയേക്കുറിച്ചും ഉള്ള അന്തർദേശീയ വിദ്യാർത്ഥികളുടേയും, പണ്ഡിതന്മാരുടേയും ചോദ്യങ്ങൾ ഒരു ഇമിഗ്രേഷൻ ആറ്റോർണിയോട് ചോദിക്കാൻ ആവശ്യപ്പെടുന്നു. ഈ പ്രമാണം നിയമത്തിന്റെ ചില വീക്ഷണങ്ങൾ വിശദീകരിക്കുന്നതിനുള്ള ഒരു ഉപാധിയാണ്, എന്നാൽ ഇത് നിയമോപദേശത്തിന് പകരമാകുന്നതല്ല.

**ഞാൻ ആക്രമണത്തിന് ഇരയായ ഒരു വ്യക്തിയാണ്, ഓൺ ക്യാമ്പസ് ഉപാധികൾ പരിശോധിക്കുന്നതിനാവശ്യമായ എന്റെ യോഗ്യതയെ എന്റെ ഇമിഗ്രേഷൻ സ്റ്റാറ്റസ് ബാധിക്കുമോ?**

ഇല്ല. നിയമപ്രകാരം, ലൈംഗികമോ, വ്യക്തിപരമായ ആക്രമണത്തിനോ ഇരയാകുകയോ അഥവാ അതിനെ അതിജീവിക്കുകയോ ചെയ്ത വിദ്യാർത്ഥികൾക്കും, ജീവനക്കാർക്കും 1972 ലെ എഡ്യൂക്കേഷൻ അമെന്റ്മെന്റിന്റെ ടൈറ്റിൽ 9 (ടൈറ്റിൽ 9) പ്രകാരവും, സ്ത്രീകൾക്കെതിരെയുള്ള അക്രമണമണ നിയമ പ്രകാരവും (വിഎഡബ്യൂഎ) ഇമിഗ്രേഷനും, വിസ സ്റ്റാറ്റസും പരിഗണിക്കാതെ അതേ അവകാശങ്ങൾ ലഭിക്കുന്നതാണ്.

കാമ്പസിലെ ചികിത്സയേക്കുറിച്ചും, നിയമോപദേശത്തിനേക്കുറിച്ചും, ലഭ്യമായ താമസസൗകര്യങ്ങളേക്കുറിച്ചും ഉള്ള വിവരങ്ങളും നിങ്ങൾക്ക് ഇവിടെ നിന്ന് ലഭിക്കുന്നതാണ്: https://www.tntech.edu/healthservices/

വിദ്യാർത്ഥിയുടെ സ്വഭാവ രീതിയേക്കുറിച്ചുള്ള വിവരം ഇവിടെ നിന്ന് ലഭിക്കുന്നതാണ്: https://www.tntech.edu/policies/

ഒരു കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുമ്പോൾ കോളേജ് നിങ്ങളോട് വൈരാഗ്യം വെച്ച് പുലർത്തുകയോ, പ്രതികാര ബുദ്ധിയോടെ പെരുമാറുകയോ ചെയ്യുന്നതല്ല.

**രേഖകളുള്ള കുടിയേറ്റക്കാരനായോ, രേഖകളില്ലാത്ത കുടിയേറ്റക്കാരനായോ എനിക്ക് ക്രിമിനൽ കുറ്റങ്ങൾ ചുമത്താൻ കഴിയുമോ?**

ഉവ്വ്. ലൈംഗികാക്രമണം, കുടുംബ ലഹള, ഡേറ്റിങ്ങ് സമയത്തെ അക്രമം, പിന്തുടരൽ എന്നിവയേക്കുറിച്ചുള്ള നിങ്ങളുടെ സ്റ്റേറ്റിന്റെ നിയമ നിർവചനത്തേക്കുറിച്ചുള്ള സമ്പൂർണ്ണ വിവരം വാർഷിക സെക്യൂരിറ്റി റിപ്പോർട്ടിൽ കാണാവുന്നതാണ്: https://www.tntech.edu/police/annual-security-report

പരാതി കൊടുക്കുന്നതിനെ സംബന്ധിച്ച പ്രത്യേക ചോദ്യങ്ങൾ എഴുതി അറിയിക്കേണ്ട വിലാസം:

Zeva Edmondson, Title IX Office
1 William L. Jones Dr., Derryberry Hall 256, Cookeville, TN 38505
931-372-3112
https://www.tntech.edu/titleIX
zedmondson@tntech.edu

**കുറ്റകൃത്യങ്ങൾക്ക് ഇരയായവർക്ക് പ്രത്യേക വിസയും, ഇമിഗ്രേഷൻ സ്റ്റാറ്റസും ഉണ്ടോ?**

ഉവ്വ്. ലൈംഗികാക്രമണം, കുടുംബ ലഹള, ഡേറ്റിങ്ങ് സമയത്തെ അക്രമം, പിന്തുടരൽ എന്നിവക്ക് ഇരയായവർക്ക് മറ്റ് വിസ ഓപ്ഷനുകൾ ലഭ്യമാണ്, അതിൽ U, T വിസകളും അടങ്ങിയിട്ടുണ്ട്. കൂടുതൽ സുവ്യക്തതക്ക് ഇമിഗ്രേഷൻ അറ്റോർണിയുമായി സംസാരിക്കുക.

| **U വിസ** | **T വിസ** |
|---|---|

SUNY The State University of New York

| | |
|---|---|
| ലൈഗികാക്രമണം, കുടുംബ ലഹള, ബലാത്സംഗം, ആക്രമണം, അഥവാ അതുമായി ബന്ധപ്പെട്ട മറ്റ് അപരാധങ്ങൾ അടക്കമുള്ള ചില കുറ്റകൃത്യങ്ങളുടെ പരിണത ഫലമായുണ്ടാകുന്ന,  സാരമായ ശാരീരികമോ, മാനസികമോ ആയ അക്രമത്തിന് ഇരകളായവർക്ക്<br>- ഇര/അപേക്ഷകൻ നിർദിഷ്ട കുറ്റകൃത്യത്തിൽ ഉൾപ്പെട്ട ഒരു ഇരയായിരിക്കണം കൂടാതെ കുറ്റകൃത്യത്തിന്റെ അന്വേഷണം കൂടെ/അഥവാ കോടതി വ്യവഹാരത്തിന് സഹായകരമായിരിക്കണം.<br>- സാധാരണയായി നാല് വർഷത്തേക്ക് സാധുതയുണ്ട്<br>- കൂടുതൽ വിവരത്തിന്, ഒരു ഇമിഗ്രേഷൻ അറ്റോർണിയുടെ വിദഗ്ധാഭിപ്രായം തേടുന്നതിനായി കാണുക:<br><br>http://www.uscis.gov/humanitarian/victims-human-trafficking-other-crimes/victims-criminal-activity-u-nonimmigrant-status/victims-criminal-activity-u-nonimmigrant-status | മനുഷ്യക്കടത്തിന് ഇരയായവർക്ക്<br>- മനുഷ്യക്കടത്ത് അന്വേഷണം അഥവാ കോടതി വ്യവഹാരത്തിൽ സഹകരണത്തിനായി ആവശ്യത്തിന് അനുസരിച്ച് പ്രവർത്തിക്കണം (ശാരീരികമോ, മാനസികമോ ആയ ആഘാതത്താൽ സഹകരിച്ച് പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയിലല്ലെങ്കിൽ), കൂടാതെ ഇര/അപേക്ഷകനെ അമേരിക്കയിൽ നിന്ന് മാറ്റുകയാണെങ്കിൽ തീവ്രമായ ക്ലേശം അനുഭവിക്കുമെന്ന് വിശദീകരിക്കാനും കഴിയണം.<br>- സാധാരണയായി നാല് വർഷത്തേക്ക് സാധുതയുണ്ട്<br>- കൂടുതൽ വിവരത്തിന്, ഒരു ഇമിഗ്രേഷൻ അറ്റോർണിയുടെ വിദഗ്ധാഭിപ്രായം തേടുന്നതിനായി കാണുക:<br><br>http://www.uscis.gov/humanitarian/victims-human-trafficking-other-crimes/victims-human-trafficking-t-nonimmigrant-status |

## എനിക്ക് കൂടുതൽ വിവരങ്ങൾ നൽകാൻ കാമ്പസിൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ?

ഇമിഗ്രേഷൻ സ്റ്റാറ്റസിനെ സംബന്ധിച്ച ആവശ്യമുള്ള വിവരം ഇന്റർനാഷണൽ സ്റ്റുഡന്റ് ആന്റ് സ്കോളർ സെർവീസസ് ഓഫീസിൽ നിന്നും ലഭ്യമാണ്. ശ്രദ്ധിക്കുക സ്റ്റാൻഡേർഡ് F-1, J-1 സ്റ്റുഡന്റ് വിസ അഥവാ തൊഴിലുടമ സ്പോൺസർ ചെയ്യുന്ന വർക്ക് വിസ എന്നിവക്ക് പുറത്ത് ഉൾപ്പെടുന്ന മറ്റ് വിസ സ്റ്റാറ്റസുകൾ അഥവാ നിയമപരമായ ഓപ്ഷനുകൾ എന്നിവയെ സംബന്ധിച്ച ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാൻ യോഗ്യനായ ഇമിഗ്രേഷൻ അറ്റോർണിയുമായി ബന്ധപ്പെടുക.

| വിസ ഓപ്ഷനുകൾ | |
|---|---|
| F-1, J-1 സ്റ്റാറ്റസ് വിദ്യാർത്ഥികൾ<br>• ഒരു ലൈസൻസ് ഉള്ള മെഡിക്കൽ ഓഫീസർ, തിരുമ്മി ചികിത്സ നടത്തുന്ന ഡോക്ടർ, അഥവാ ലൈസൻസ് ഉള്ള ക്ളിനിക്കൽ സൈക്കോളജിസ്റ്റ് സർട്ടിഫൈ ചെയ്ത ചികിത്സാ പരമായ അവസ്ഥ കാരണം കുറഞ്ഞ കോഴ്സ് ലോഡ് അംഗീകരിക്കുന്നതിനുള്ള ഓപ്ഷനുകൾ<br>• നിങ്ങളുടെ അക്കാദമിക് പ്രോഗ്രാമിൽ നിന്നും പിൻവലിയുന്നതിനുള്ള ഓപ്ഷനുകളും, അനന്തര ഫലങ്ങളും<br>• വിദ്യാർത്ഥി പിൻവാങ്ങുവാൻ ആഗ്രഹിക്കുന്നെങ്കിൽ പിന്നീട് അക്കാദമിക് പ്രോഗ്രാമിലേക്ക് മടങ്ങി വരുന്നതിനെ സംബന്ധിച്ചുള്ള വിവരം<br>• ജീവിതപങ്കാളിയെ അനുഗമിക്കുമ്പോഴുള്ള ഓപ്ഷനുകളും അനന്തര ഫലങ്ങളും<br>• വിസ സ്റ്റാറ്റസ് മാറ്റുന്നതിനെ സംബന്ധിച്ച ഓപ്ഷനുകളേക്കുറിച്ചുള്ള പൊതു വിവരം<br>• U, T വിസയെ സംബന്ധിച്ച പൊതു വിവരം. ( യോഗ്യനായ ഒരു ഇമിഗ്രേഷൻ അറ്റോർണിയുടെ സഹായം തേടുക)<br>• യോഗ്യനായ അറ്റോർണിയുടെ സഹായം തേടുക | H-1B, O-1, E-3, അഥവാ TN ഉദ്യോഗാർത്ഥികൾ<br>• അവധി ദിവസങ്ങളുടെ ഓപ്ഷനുകളും, നിങ്ങളുടെ ഇമിഗ്രേഷൻ സ്റ്റാറ്റസിന്റെ അനന്തര ഫലങ്ങളും<br>• ജീവിതപങ്കാളിയെ അനുഗമിക്കുമ്പോഴുള്ള ഓപ്ഷനുകളും അനന്തര ഫലങ്ങളും<br>• വിസ സ്റ്റാറ്റസ് മാറ്റുന്നതിനെ സംബന്ധിച്ച ഓപ്ഷനുകളേക്കുറിച്ചുള്ള പൊതു വിവരം. യോഗ്യനായ ഒരു ഇമിഗ്രേഷൻ അറ്റോർണിയുടെ സഹായം തേടുക.<br>• U, T വിസയെ സംബന്ധിച്ച പൊതു വിവരം. ( യോഗ്യനായ ഒരു ഇമിഗ്രേഷൻ അറ്റോർണിയുടെ സഹായം തേടുക)<br>• യോഗ്യനായ ഒരു ഇമിഗ്രേഷൻ അറ്റോർണിയുടെ സഹായം തേടുക<br>• ബാക്കിയുള്ള അമേരിക്കൻ സ്ഥിരതാമസക്കാർ ( ഗ്രീൻ കാർഡ് ഇതുവരേയും ലഭിക്കാത്തവർക്ക്)<br>• നിങ്ങളുടെ തൊഴിലുടമ സ്പോൺസർ ചെയ്ത സ്ഥിര താമസ അപേക്ഷയിൽ തീരുമാനമാകാത്തപ്പോൾ നിങ്ങളുടെ തൊഴിൽ ഉപേക്ഷിക്കുമ്പോഴുണ്ടാകുന്ന പ്രഭാവം<br>• യോഗ്യനായ അറ്റോർണിയുടെ സഹായം തേടുക |

## ആരാണ് ഒരു ഇമിഗ്രേഷൻ ലോയർ, അവരുടെ ജോലി എന്താണ്?

ഇമിഗ്രേഷൻ നിയമ മേഖലയിൽ പ്രാവീണ്യം നേടിയ ലൈസൻസ് ഉള്ള അറ്റോർണിമാരാണ് ഇമിഗ്രേഷൻ ലോയർമാർ. ഇമിഗ്രേഷൻ കോടതിയിലും, ഇമിഗ്രേഷൻ ആവശ്യങ്ങൾക്കായി ആപ്ളിക്കേഷൻ ഫയൽ ചെയ്യുമ്പോഴും അവർ ക്ളയന്റിന്റെ വക്കീലായി പ്രവർത്തിക്കുന്നത് കൂടാതെ അവർക്ക് ഇമിഗ്രേഷൻ ഏജൻസികളേയും പ്രതിനിധീകരിക്കാവുന്നതാണ്. വക്കീലിന് പൊതുവായ അഭിപ്രായം നൽകാൻ കഴിയുന്നതും, ഇമിഗ്രേഷൻ ഓപ്ഷനുകളേക്കുറിച്ച് നിങ്ങൾക്ക് ചർച്ച ചെയ്യാവുന്നതുമാണ്. എല്ലാ വക്കീൽമാരേയും പോലെ, ഇമിഗ്രേഷൻ ലോയർമാർ തൊഴിൽപരമായി നൈതികവും, വ്യവഹാരികവുമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നത് കൂടാതെ ക്ളയന്റുമായുള്ള സംഭാഷണം രഹസ്യമായി സൂക്ഷിക്കുകയും ചെയ്യുന്നു.

## ഒരു ലോക്കൽ ഇമിഗ്രേഷൻ അറ്റോർണിയെ എനിക്ക് എവിടെ കണ്ടെത്താനാകും?

ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാന്റ് സെക്യൂരിറ്റിയുടെ (ഡി.എച്ച്.എസ്.) ഒരു വിഭാഗമായ യു. എസ്. സിറ്റിസൺഷിപ്പ് ആന്റ് ഇമിഗ്രേഷൻ സെർവീസസ് (യുഎസ് സിഐഎസ്), സൗജന്യമായോ, കുറഞ്ഞ ചെലവിലോ നിയമ പ്രാതിനിധ്യം കണ്ടെത്തുന്നതിന് വ്യക്തികളെ സഹായിക്കുന്നതിന് രണ്ട് സൈറ്റുകൾ നടത്തുന്നുണ്ട്.:

യു എസ് സി ഐ എസ്: നിങ്ങളുടെ കമ്മ്യൂണിറ്റി വെബ്പേജ് കണ്ടെത്താൻ സഹായിക്കുന്നു

യു എസ് സി ഐ എസ്: ലീഗൽ സർവീസിന്റെ വെബ്പേജ് കണ്ടെത്താൻ സഹായിക്കുന്നു

സൗജന്യമായോ, കുറഞ്ഞ ചെലവിലോ ഇമിഗ്രേഷൻ സർവീസ് നൽകുന്ന അറ്റോർണിമാരുടെ സ്റ്റേറ്റ് തിരിച്ചുള്ള പട്ടിക ബോർഡ് ഓഫ് ഇമിഗ്രേഷൻ അപ്പീൽസ് (ബിഐഎ) നൽകുന്നു.

അമേരിക്കൻ ഇമിഗ്രേഷൻ ലോയേഴ്സ് അസ്സോസിയേഷൻ ( എഐഎൽഎ) നൽകുന്ന ഓൺലൈൻ ഇമിഗ്രേഷൻ ലോയറിന്റെ സഹായ സേവനം കൊണ്ട് ഒരു വിദ്യാർത്ഥി അഥവാ പണ്ഡിതന് ഒരു ഇമിഗ്രേഷൻ വക്കീലിനെ കണ്ടെത്താവുന്നതാണ്.

അമേരിക്കൻ ബാർ അസ്സോസിയേഷനും സ്റ്റേറ്റ് നൽകുന്ന നിയമ സഹായം കണ്ടെത്തുന്നതിനാവശ്യമായ വിവരം നൽകുന്നു.